താറാവുകളെ കൊന്നൊടുക്കിയ വകയിൽ ധനസഹായം

181 (1597) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻതോതിൽ താറാവുകളെ കൊന്നൊടുക്കുവാനുണ്ടായ സാഹചര്യം പഠനവിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇക്കാര്യത്തിൽ കർഷകർക്ക് എത്ര രൂപയാണ് ധനസഹായമായി അനുവദിച്ചു നൽകിയത് ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(സി) ഇത്തരം സ്ഥിതിവിശേഷം തുടർന്നും സംഭവിക്കാതിരിക്കാൻ വകുപ്പ് സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പക്ഷിപ്പനി സ്ഥിരീകരിച്ച സ്ഥലത്തിന്റെ ഒരു കി.മീ. ചുറ്റളവിലെ താറാവുകളെയും മറ്റുപക്ഷികളെയും കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് കൊന്നൊടുക്കിയത്.

(ബി)

ആലപ്പുഴ	-	3,64,43,150 രൂപ
കോട്ടയം	-	44,50,000 രൂപ
പത്തനംതിട്ട	-	10,43,600 രൂപ
കൊല്ലം	-	2,25,380 രൂപ
ആകെ	-	4,21,62,130 രൂപ

(സി) പക്ഷിപ്പനി വായുമാർഗ്ഗം പകരാവുന്ന രോഗമായതിനാൽ ദേശാടന പക്ഷികൾ ധാരാളമായി കേരളത്തിൽ എത്തിച്ചേരുന്ന സാഹചര്യത്തിൽ പക്ഷിപ്പനി പൂർണ്ണമായി തടയുക അപ്രായോഗികമാണ്. എന്നാൽ ദേശാടനപ്പക്ഷികൾ സ്ഥിരമായി വരുന്ന സ്ഥലങ്ങളിൽ അവയെ നിരീക്ഷിക്കുവാനും ക്ലിനിക്കൽ സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറിയിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം രോഗം കാലേക്കൂട്ടി കണ്ടെത്തിയാൽ ആയത് പടർന്നു പിടിക്കാതിരിക്കുവാനുള്ള നടപടികൾ യഥാസമയം കൈക്കൊള്ളുന്നതിന് സാധിക്കും.

1024/2018

LIBRARY ARCHIVES Kerala Legislative Assembly